# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2827

14.12.2015-ലെ മറുപടിക്ക്

## അതിരപ്പിള്ളി 'ടെയ്ക്ക്-എ-ബ്രേക്ക് പദ്ധതി'

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന വിനോദസഞ്ചാര വകുപ്പ് നടപ്പാക്കുന്ന 'ടെയ്ക്ക്-എ-ബ്രേക്ക്' പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിലെ കൊരട്ടി പഞ്ചായത്ത് വക ദേശീയ പാതയോട് ചേർന്ന സ്ഥലത്ത് ആധുനിക ടോയ്ലറ്റ് സൗകര്യങ്ങളോടു കൂടിയ വിശ്രമകേന്ദ്രം പണിയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ; | (എ) | നിലവിൽ ഭരണാനുമതി നൽകിയിട്ടുള്ള ടേക്ക്-എ-ബ്രേക്ക് യൂണിറ്റുകളിൽ ചാലക്കുടി മണ്ഡലത്തിലെ കൊരട്ടി പഞ്ചായത്ത് വക സ്ഥലം ഉൾപ്പെട്ടിട്ടില്ല. |
| (ബി) | അതിരപ്പിള്ളിയിലെ മലക്കപ്പാറയിൽ പഞ്ചായത്ത് നിർദ്ദേശിച്ചിട്ടുള്ള സ്ഥലത്ത് 'ടെയ്ക്ക് എ ബ്രേക്ക് പദ്ധതി' നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | പരിശോധിക്കുന്നതാണ്. |
| (സി) | ചാലക്കുടി മണ്ഡലത്തിലെ ഏതെല്ലാം സ്ഥലത്താണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുള്ളത് എന്നും എവിടെയെല്ലാമാണ് പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത് എന്നും അറിയിക്കാമോ ? | (സി) | കൊരട്ടി, കേരള കലാമണ്ഡലത്തിന് സമീപമുള്ള ഡി.റ്റി.പി.സി വക സ്ഥലം, ചാലക്കുടി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിൽ പേരാമ്പ്ര വില്ലേജിലുള്ള സ്ഥലം, അതിരപ്പിള്ളി പഞ്ചായത്തിലെ മലക്കപ്പാറയിലുള്ള സ്ഥലം എന്നിവയ്ക്കാണ് അപേക്ഷ ലഭിച്ചിട്ടുള്ളത്. ഇതിൽ ചാലക്കുടി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തെ ടേക്ക് എ ബ്രേക്ക് യൂണിറ്റിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. |

Anuradha
സെക്ഷൻ ഓഫീസർ